

● അഭിമുഖം

# 'ജനപക്ഷചേരിയെ ശക്തിപ്പെടുത്തും'

*സോളിഡാരിറ്റിയുടെ പുതിയ നയപരിപാടികളെക്കുറിച്ചും നിലപാടുകളെക്കുറിച്ചും സംസ്ഥാന പ്രസിഡന്റ് പി. മുജീബുർറഹ്മാനോട് പി.ഐ നൗഷാദ് സംസാരിക്കുന്നു.*

**സോളിഡാരിറ്റി കേരളത്തിൽ കഴിഞ്ഞ നാലുവർഷമായി നടത്തിക്കൊണ്ടിരിക്കുന്ന സമരങ്ങൾ ശ്രദ്ധേയമായെന്ന് അംഗീകരിക്കുന്ന വിമർശകർ അവ വ്യാജ ആക്ടിവിസത്തിന്റെയും ഒളിയജണ്ടകളുടെയും ഭാഗമാണെന്ന് ആക്ഷേപിക്കുന്നുണ്ടല്ലോ, വിശേഷിച്ച് പ്ലാച്ചിമട സമരം. എന്താണ് സോളിഡാരിറ്റി സമരങ്ങളുടെ അടിസ്ഥാനങ്ങൾ?**

നവ മുതലാളിത്തത്തിന്റെ കുത്തൊഴുക്കിൽ ആക്ടിവിസം തന്നെ നിലച്ചുകൊണ്ടിരുന്ന സാഹചര്യത്തിലാണ് സോളിഡാരിറ്റിയുടെ രംഗപ്രവേശം. വ്യാജ ആക്ടിവിസത്തെക്കുറിച്ച് സംസാരിക്കുന്നവർ ഈ കാലത്ത് നിർവഹിക്കേണ്ട ശരിയായ ആക്ടിവിസം എങ്ങനെയായിരിക്കണമെന്ന് വിശദീകരിക്കേണ്ടതുണ്ട്, അതിന് മാതൃക കാണിക്കേണ്ടതുണ്ട്. ആക്ടിവിസം അവസാനിപ്പിച്ച് സാമ്രാജ്യത്വത്തോട് രാജിയാവുകയോ അതിന്റെ ഉപകരണമാവുകയോ ചെയ്ത ശേഷം കേരളത്തെ അരാഷ്ട്രീയവത്കരിക്കാൻ ശ്രമിക്കുന്നവരാണ് ഈ ആരോപണം ഉന്നയിക്കുന്നത്. യഥാർഥത്തിൽ ആദർശപരമായ അടിത്തറകളിൽ അധിനിവേശത്തിന്റെ വിവിധ മുഖങ്ങളെ സ്വന്തം ജീവിതംകൊണ്ടെന്നപോലെ ജനകീയ കൂട്ടായ്മയിലൂടെയും ചെറുക്കുന്നതിനുള്ള മാതൃകാപരമായ നീക്കങ്ങളാണ് കഴിഞ്ഞ നാലുവർഷം സോളിഡാരിറ്റി നടത്തിയത്. പ്ലാച്ചിമട സമരത്തിലെ രാഷ്ട്രീയം, സാമ്രാജ്യത്വവിരുദ്ധ പോരാട്ടങ്ങൾക്ക് അവ നൽകുന്ന ഊർജം എന്നിവ തിരിച്ചറിഞ്ഞുകൊണ്ടാണ് ഈ സമരത്തിൽ സോളിഡാരിറ്റി ഇടപെട്ടത്. ഇന്ന് പ്ലാച്ചിമട സമരം സാമ്രാജ്യത്വവിരുദ്ധ സമരത്തിന്റെ ഭാഗവും അധിനിവേശവിരുദ്ധ ജനകീയ സമരങ്ങൾക്ക് പ്രചോദനവുമാണ്. പോരാട്ടവീര്യവും സ്ഥിരതയും ഐക്യവുമുണ്ടെങ്കിൽ ഏത് കുത്തക ഭീമനെയും തളക്കാമെന്നത് വർത്തമാനകാല അനുഭവമാണ്. ഇത് കേവലം കുടിവെള്ള ലഭ്യതയുടെ പ്രശ്നമായി കാണുന്നവർ ഇതിനു പിന്നിലെ രാഷ്ട്രീയം തിരിച്ചറിയാത്തവരാണ്.

**സോളിഡാരിറ്റി ഏറ്റെടുത്ത ഭൂരിഭാഗം സമരങ്ങൾക്കും ഒരു പാരിസ്ഥിതിക ടച്ച് ഉണ്ട്. ഒരു വിപ്ലവ യുവജന സംഘടന എന്നതിനേക്കാൾ ഒരു പരിസ്ഥിതി സംഘടന എന്ന രീതിയിൽ ചിലർ സോളിഡാരിറ്റിയെ വിലയിരുത്തുന്നു.**

കേരളം പ്രകൃതിവിഭവങ്ങളാൽ സമ്പന്നമാണ്. നദികൾ, വനം, സുലഭമായ ഭൂഗർഭ ജലം എന്നിവയിൽ ഇന്ത്യയിൽ തന്നെ വേറിട്ട സംസ്ഥാനമാണ് കേരളം. മധ്യേഷ്യയിലെയും ഗൾഫ് രാജ്യങ്ങളിലെയും എണ്ണസമ്പത്ത് ലക്ഷ്യമാക്കുന്ന അധിനിവേശശക്തികൾ കേരളത്തിലെ പ്രകൃതി വിഭവങ്ങളിലും കണ്ണ് വെച്ചിരിക്കുന്നു. വികസനത്തിന്റെയും ടൂറിസത്തിന്റെയും പേരിൽ നാടിന്റെ ആവാസവ്യവസ്ഥ തന്നെ തകിടംമറിക്കും വിധമുള്ള ഇടപെടലുകളാണ് പ്രകൃതിക്കുമേൽ അവർ നടത്തിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് കേരളത്തിലെ അധിനിവേശവിരുദ്ധ സമരങ്ങൾക്ക് ഒരു പാരിസ്ഥിതിക വർണം സ്വാഭാവികമാണ്. എന്നാൽ അധിനിവേശം ഭൂമിയുടെ മേൽ മുഴുവൻ മനുഷ്യർക്കും ജീവി വർഗങ്ങൾക്കുമുള്ള ദൈവദത്തമായ അവകാശങ്ങളാണ് ഹനിച്ചുകൊണ്ടിരിക്കുന്നത്. സ്വാഭാവികമായും ഈ കൈയേറ്റങ്ങളെ ചെറുക്കലും ലോകത്ത് നടക്കുന്ന അധിനിവേശ സമരങ്ങളോട് ഐക്യപ്പെടലും സോളിഡാരിറ്റിയുടെ ബാധ്യതയാണ്. മൗലികമായി ഇത് സാമ്രാജ്യത്വ അധിനിവേശത്തിനെതിരിലുള്ള ആദർശസമരം തന്നെയാണ്. ദേശീയ- അന്തർദേശീയ പ്രശ്നങ്ങളിലെ ഇടപെടലുകളും സാമൂഹിക സേവന രംഗത്തുള്ള സംഘടനയുടെ സംഭാവനകളും സത്യസന്ധമായി വിലയിരുത്തുന്നവർക്ക് സോളിഡാരിറ്റിയുടെ സമരപോരാട്ടങ്ങൾക്ക് കേവല പരിസ്ഥിതി വർണം നൽകുക സാധ്യമല്ല.

**കേരളത്തിലെ സാമൂഹിക പ്രശ്നങ്ങളിൽ ഇടപെടുന്ന കേവല പ്രതികരണ പ്രസ്ഥാനമെന്നതിനപ്പുറം സമരങ്ങൾ**

**ക്കും ഇടപെടലുകൾക്കും മൗലികതയുണ്ടോ ?**

സോളിഡാരിറ്റിയുടെ സമരവും ഇടപെടലുകളും മൗലികമാണ്. കേവല പ്രതികരണ പ്രവർത്തനങ്ങളും ജനശ്രദ്ധയാകർഷിക്കുന്നതിനുള്ള ഗിമ്മിക് പരിപാടികളൊന്നും ഏറ്റെടുത്തിട്ടില്ല. ഇസ്‌ലാമിന്റെ ആദർശാടിത്തറയിൽനിന്ന് രൂപപ്പെട്ട മൗലികമായ സമീപനങ്ങളുടെ അടിസ്ഥാനത്തിലാണ് സോളിഡാരിറ്റിയുടെ ഇടപെടലുകളുണ്ടാവുന്നത്. ഒരുപരിധിവരെ കേരള ജനത അത് മനസ്സിലാക്കുന്നുമുണ്ട്. എന്നാൽ സംഘടന എന്ന നിലയിൽ സോളാഡാരിറ്റി അതിന്റെ പ്രാരംഭ ദശയിലാണ്. നാലുവർഷമെന്നത് ഒരു യുവജന പ്രസ്ഥാനത്തിന്റെ പൂർണ വളർച്ചക്കുള്ള കാലയളവല്ല. പ്രതികരണം നിലച്ചിരുന്ന കേരളീയ സമൂഹത്തിന്റെ പ്രതികരണ ശേഷി വീണ്ടെടുത്തുവെന്നത് സോളിഡാരിറ്റിയുടെ സാന്നിധ്യത്തിലൂടെ കൈവരിച്ച നേട്ടം തന്നെയാണ്. ഇപ്പോൾ ജനകീയ പ്രശ്നങ്ങളിൽ മത്സരബുദ്ധിയോടെ ഇടപെടുന്ന മത/രാഷ്ട്രീയ യുവജനപ്രസ്ഥാനങ്ങൾ ഇതിനുദാഹരണമാണ്. കേരളം നേരിടുന്ന വെല്ലുവിളികളെ ദാർശനികവും വൈജ്ഞാനികവുമായ വിശകലനത്തിലൂടെ സാമൂഹികാവബോധം ശക്തിപ്പെടുത്തുംവിധം കൂടുതൽ ആഴത്തിൽ അഭിമുഖീകരിക്കാൻ സംഘടന തീരുമാനിച്ചിരിക്കുന്നു. പഠനത്തിനു പ്രാമുഖ്യം നൽകുന്ന പുതിയ പോളിസി ഇതാണ് വ്യക്തമാക്കുന്നത്.

**ആഗോള സാമ്രാജ്യത്വവിരുദ്ധതയാണ് സോളിഡാരിറ്റി സമരത്തിന്റെ പ്രധാന മുഖമെന്നും അത് ആദർശപരമാണെന്നും സൂചിപ്പിച്ചുവല്ലോ. ഇസ്‌ലാമിക ആദർശത്തെ അടിത്തറയായി സ്വീകരിച്ച സോളിഡാരിറ്റി, സാമ്രാജ്യത്വവിരോധത്തിന്റെ പേരിൽ ലോകത്ത് നടക്കുന്ന മുസ്‌ലിം തീവ്രവാദ പ്രവർത്തനങ്ങളിലേക്ക് കണ്ണിചേരുകയാണെന്ന ആരോപണത്തെക്കുറിച്ച്?**

ആഗോള സാമ്രാജ്യത്വവിരുദ്ധ ചേരിയിൽ സുപ്രധാന പങ്കാണ് ഇസ്‌ലാമിനുള്ളത്. ഇസ്‌ലാമിക സമൂഹത്തിന്റെ സാമ്രാജ്യത്വത്തോടുള്ള പ്രതികരണം വിവിധ തരത്തിലാണ്. സാമ്രാജ്യത്വചേരിയിൽ നിലകൊള്ളുകയും അവരുടെ ഉപകരണങ്ങളായി വർത്തിക്കുകയും ചെയ്യുന്നവർ അക്കൂട്ടത്തിലുണ്ട്. സാമ്രാജ്യത്വത്തോട് പ്രത്യേക സമീപനം സ്വീകരിക്കാത്തവരും മുസ്‌ലിംകൾക്കിടയിലുണ്ട്. എന്നാൽ സാമ്രാജ്യത്വത്തെ സാമുദായികമായും തീവ്രവാദപരമായും സമീപിക്കുന്ന യുവാക്കളുടെ കൂട്ടായ്മകളും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലായി കാണാൻ സാധിക്കും. സാമ്രാജ്യത്വ ശക്തികൾ ഇച്ഛിക്കും വിധം ഇസ്‌ലാമിനെതിരെ ഭീകരതയാരോപിക്കാൻ സാഹചര്യം സൃഷ്ടിക്കുന്ന പ്രവർത്തനങ്ങൾക്കാണ് പലപ്പോഴും ഇത്തരക്കാർ നേതൃത്വം നൽകുന്നത്. ഇതിൽനിന്നെല്ലാം വ്യത്യസ്തമായി, സാമ്രാജ്യത്വവിരുദ്ധ ജനകീയ ചേരിക്ക് ശക്തിപകരുന്ന ഇസ്‌ലാമിക വ്യക്തിത്വങ്ങളും പ്രസ്ഥാനങ്ങളും ഇന്ന് ലോകത്ത് പ്രബലമാണ്. ഫലസ്തീനിലെ ഹമാസും ലബനാനിലെ ഹിസ്ബുല്ലയും ഈ ഗണത്തിൽപെടുന്നു. ഇഖ്‌വാനുൽ മുസ്‌ലിമൂനും ജമാഅത്തെ ഇസ്‌ലാമിയും ഇത്തരം പോരാട്ടങ്ങൾക്ക് ആശയാടിത്തറ നൽകിയ സംഘടനകളാണ്.

സാമ്രാജ്യത്വത്തെ ഇസ്‌ലാമിക മൂല്യങ്ങളിലൂന്നി ജനാധിപത്യപരമായി ചെറുക്കാനാണ് സോളിഡാരിറ്റി ആഗ്രഹിക്കുന്നത്. സാമ്രാജ്യത്വത്തിനെതിരെ രൂപപ്പെട്ട ആഗോള കൂട്ടായ്മ കേരളത്തിലും ശക്തിയാർജിക്കണം. അഹ്‌മദീ നിജാദിനെയും ഹ്യൂഗോ ചാവേസിനെയും സാമ്രാജ്യത്വ വിരുദ്ധ ജനപക്ഷ ചേരിയുടെ പ്രതീകങ്ങളായി സോളിഡാരിറ്റി കാണുന്നത് ഇതുകൊണ്ടാണ്. ഈ ജനപക്ഷചേരിയുടെ ശാക്തീകരണം പുതിയ പോളിസിയുടെ ഭാഗമാണ്.

**ജനപക്ഷ ചേരികൊണ്ട് ഉദ്ദേശിക്കുന്നത് ?**

ഇടതു-വലതു കക്ഷികൾ അരാഷ്ട്രീയവത്കരിക്കപ്പെടുമ്പോഴും ശക്തമായ സാമ്രാജ്യത്വവിരുദ്ധ രാഷ്ട്രീയാവബോധം നിലനിൽക്കുന്ന സംസ്ഥാനമാണ് കേരളം. കേരളത്തിലെ ഇടതു കക്ഷികൾക്കുപോലും ഈ സാമ്രാജ്യത്വവിരുദ്ധ മനസ്സിനൊപ്പം നിൽക്കാൻ ഇന്ന് സാധിക്കുന്നില്ല. കക്ഷിരാഷ്ട്രീയത്തിനതീതമായി നവമുതലാളിത്ത അജണ്ടകൾക്കെതിരെ ഉയരുന്ന ജനവികാരം കേരളത്തിലെ രാഷ്ട്രീയ സാംസ്കാരിക മണ്ഡലങ്ങളിൽ ഇതിനകം തന്നെ വലിയ പ്രതികരണങ്ങൾ സൃഷ്ടിച്ചുകഴിഞ്ഞു. മുഖ്യധാരാ രാഷ്ട്രീയ കക്ഷികളുടെ അഭാവത്തിലും കേരളത്തിലെ ജനകീയസമരങ്ങൾ വിജയിക്കുന്നതും ഭരണകൂടത്തിലും ഉദ്യോഗസ്ഥ വൃന്ദത്തിലും വേരിട്ട ചില വ്യക്തിത്വങ്ങൾ ഇപ്പോഴും നിലനിൽക്കുന്നതും അവരുടെ വാക്കുകൾക്ക് ജനസ്വാധീനമുണ്ടാകുന്നതും ഈ സമ്മർദ്ദ രാഷ്ട്രീയത്തിന്റെ തെളിവാണ്. കേരളത്തിൽ എം.എൽ.എ പോലും ആകേണ്ടതില്ലെന്ന് ബന്ധപ്പെട്ട പാർട്ടി തീരുമാനിച്ച വ്യക്തി മുഖ്യമന്ത്രിക്കസേരയിലിരിക്കുന്നതും മറ്റൊന്നുകൊണ്ടുമല്ല. കേരളത്തിലെ ഇടതു-വലതു കക്ഷികൾക്ക് മധ്യേ രൂപപ്പെട്ട ഈ ജനപക്ഷചേരിയെ ശക്തിപ്പെടുത്തണമെന്ന് സോളിഡാരിറ്റി ആഗ്രഹിക്കുന്നു. അതുയർത്തുന്ന സമ്മർദത്തിലൂടെ ഭരണകൂടങ്ങളെയും രാഷ്ട്രീയ പാർട്ടികളെയും തിരുത്തി മുന്നേറാൻ സാധിക്കുമെന്ന് ഞങ്ങൾക്ക് ആത്മവിശ്വാസമുണ്ട്.

**സാമ്രാജ്യത്വത്തിനെതിരെ ജാഗ്രത പുലർത്തുന്ന സോളിഡാരിറ്റി എന്തുകൊണ്ടാണ് ഇന്ത്യയിലും കേരളത്തിലും ആഴത്തിൽ വേരോട്ടമുള്ള ഫാഷിസമെന്ന യാഥാർഥ്യത്തെ അവഗണിക്കുന്നത്?**

സാമ്രാജ്യത്വവിരുദ്ധമുഖം പോലെ ശക്തമാണ് സോളിഡാരിറ്റിയുടെ ഫാഷിസ്റ്റ്‌വിരുദ്ധമുഖവും. ദേശീയാടിസ്ഥാനത്തിൽ തന്നെ ഫാഷിസ്റ്റ്‌വിരുദ്ധ കൂട്ടായ്മയിൽ നേതൃപരമായ പങ്കുവഹിക്കുന്ന ജമാഅത്തെ ഇസ്‌ലാമിയുടെ പോഷക സംഘടനയാണല്ലോ സോളിഡാരിറ്റി. മതവിശ്വാസികളുടെയും മതേതരവിശ്വാസികളുടെയും കൂട്ടായ്മയിലൂടെ ഫാഷിസത്തെ ചെറുക്കുകയെന്ന സർഗാത്മക രീതിയാണ് സോളിഡാരിറ്റി മുന്നോട്ടു വെക്കുന്നത്. വർഗീയതയെ അവർഗീയതയുടെയും സൗഹൃദത്തിന്റെയും ജനാധിപത്യപരമായ സംവാദങ്ങളിലൂടെ മാത്രമേ ഉന്മൂലനം ചെയ്യാൻ കഴിയൂവെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. മാറാട് ഉൾപ്പെടെ കേരളീയ സമൂഹത്തിൽ വർഗീയധ്രുവീകരണത്തിന് വഴിയൊരുക്കിയേക്കാവുന്ന സാഹചര്യങ്ങളിലെല്ലാം ഉണർന്നു പ്രവർത്തിച്ചതും സൗഹൃദ കൂട്ടായ്മകൾ ശക്തിപ്പെടുത്തിയതും ഇതിന്റെ അടിസ്ഥാനത്തിലാണ്. ഫാഷിസത്തിന്റെ മുഖം കേവലം കായികമാണെന്നും കായിക പ്രതിരോധമാണ് ഏകപരിഹാരമെന്നും സോളിഡാരിറ്റി വിശ്വസിക്കുന്നില്ല.

**ഫാഷിസ്റ്റ് പ്രവർത്തനങ്ങൾ സായുധപരമാവുകയും ഭരണകൂട ഉദ്യോഗതലത്തിലുള്ളവർ അതിന് മൗനാനുവാദം നൽകുകയും ചെയ്തതിന് നിരവധി ഉദാഹരണങ്ങൾ കാണാനാവും. ഇന്ത്യയിലെ മുസ്‌ലിം പീഡനങ്ങൾക്ക് സാമ്രാജ്യത്വ പിന്തുണയുമുണ്ട്. ഈ സാഹചര്യത്തിൽ പീഡിത വർഗത്തിന്റെ നിലനിൽപിനുവേണ്ടിയുള്ള സായുധ പോരാട്ടത്തോട് യോജിക്കുകയല്ലേ വേണ്ടത്?**

വർഗീയതയെ പ്രതിവർഗീയത കൊണ്ടോ തീവ്രവാദത്തെ പ്രതിതീവ്രവാദം കൊണ്ടോ നേരിടാമെന്ന് സോളിഡാരിറ്റി വിശ്വസിക്കുന്നില്ല. തീവ്രവാദം ഒരു പ്രശ്നത്തിനും പരിഹാരമല്ല; ചരിത്രത്തിൽ പരിഹാരമായിട്ടുമില്ല. അതിലുപരി ആദർശ പ്രബോധക സംഘമെന്ന നിലയിൽ ഇസ്‌ലാമിക സമൂഹം ഇത്തരം രീതികൾ അവലംബിക്കുന്നതിന് പ്രമാണങ്ങളുടെ പിൻബലമില്ല. ചരിത്രത്തിലേറെ പരീക്ഷിക്കപ്പെട്ടവർ പ്രവാചകന്മാരാണ്. പരീക്ഷണങ്ങളെ അവർ നേരിട്ടത് സഹനത്തിലൂടെയും ആശയസമരത്തിലൂടെയുമായിരുന്നു. കേരളത്തിൽ തീവ്രവാദം പരിഹാരമായി സ്വീകരിച്ചവർ സമുദായത്തിന്റെ പേരിൽ നടത്തിയ ഇടപെടലു

കൾ സമുദായ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനു പകരം അരക്ഷിതാവസ്ഥ സമ്മാനിച്ചതായാണ് അനുഭവം.

**യുവതയുടെ ആത്മവീര്യത്തെയാണ് കമ്പോള മുതലാളിത്തം കവർന്നെടുത്തത്. വരിയുടക്കപ്പെട്ടവരെന്ന ആക്ഷേപത്തിന് വിധേയരായ യുവാക്കളെ, കാലാനുസൃതമായ മാറ്റങ്ങളെ അഭിമുഖീകരിക്കുന്നതിന് പ്രാപ്തരാക്കാൻ സോളിഡാരിറ്റിക്ക് സാധിച്ചുവോ?**

തീർച്ചയായും. കേരളത്തിലെ യുവാക്കൾ ഉപഭോഗ സംസ്കാരത്തിന് അടിപ്പെടുകയും അധിനിവേശത്തോട് നിസ്സംഗ നിലപാട് സ്വീകരിക്കുകയും ചെയ്ത സാഹചര്യത്തിലാണ് സോളിഡാരിറ്റി രൂപംകൊള്ളുന്നത്. ആദർശ നിഷ്ഠയും വിപ്ലവബോധവും സാമൂഹിക പ്രതിബദ്ധതയുമുള്ള, സേവനസജ്ജരായ ഒരു യുവനിരയെ കേരളത്തിലണിനിരത്താൻ സാധിച്ചുവെന്നത് നിസ്സാരമായി കാണാൻ കഴിയില്ല. മുതലാളിത്തത്തിന്റെ മലവെള്ളപ്പാച്ചിലിനെതിരെ ജീവിതം കൊണ്ട് സമരം കുറിക്കുന്നു എന്നതാണ് ഇവരുടെ പ്രത്യേകത. അതേ സമയം സോളിഡാരിറ്റി ഇപ്പോഴുള്ളതിനേക്കാൾ ശക്തിയാർജിക്കേണ്ടതുണ്ട്. ജാതിമത പരിഗണനകൾക്കതീതമായി കേരളത്തിന്റെ വിപ്ലവയൗവനത്തെ ഈ സമരപാതയിലണിനിരത്തണം. കേരളത്തിലെ സമ്മർദശക്തിയായി വളരുന്നതോടൊപ്പം ശക്തമായ യുവജന പ്രസ്ഥാനമായി മാറണം. അതിനാൽ സംഘടനാ ശാക്തീകരണത്തിന് പ്രാധാന്യം നൽകുന്ന പോളിസിയാണ് പുതിയ പ്രവർത്തന കാലയളവ് മുന്നോട്ടു വെക്കുന്നത്.

**യു.ഡി.എഫിന്റെ ആഗോളവത്കരണ അനുകൂല മനോഭാവം, നരേന്ദ്രൻ കമീഷൻ റിപ്പോർട്ടിനോട് കാണിച്ച ഇരട്ടത്താപ്പ് എന്നിവക്കെതിരെയുള്ള സോളിഡാരിറ്റിയുടെ പ്രക്ഷോഭങ്ങളും ജമാഅത്തെ ഇസ്‌ലാമിയുടെ പിന്തുണയും ഇടതുസർക്കാറിനെ അധികാരത്തിലേറ്റുന്നതിന് സഹായകമായിട്ടുണ്ട്. അധികാരത്തിലേറി ഒരു വർഷം പിന്നിട്ടിട്ടും യു.ഡി.എഫിൽനിന്ന് മൗലികമായ വ്യത്യാസമൊന്നും ഇടതു സർക്കാറിൽ കാണാനില്ല. വഞ്ചിക്കപ്പെടുന്നുവെന്ന് തോന്നുന്നുണ്ടോ ?**

ഒരു വർഷത്തെ ഇടതു ഭരണം പിന്തുണച്ചവരുടെ പ്രതീക്ഷക്കനുസൃതമായല്ല മുന്നോട്ടു പോയത്. കാർഷിക കടാശ്വാസ ബില്ലും മൂന്നാർ നടപടികളും ഗവൺമെന്റിന്റെ പ്രതിഛായ ഉയർത്താൻ സഹായകമായെങ്കിലും അതിന്റെ നിറം കെടുത്തുന്ന നടപടികളാണ് സർക്കാറിൽ നിന്നും ഘടകകക്ഷികളിൽനിന്നും പിന്നീടുണ്ടായത്. സി.പിഎമ്മിനകത്തെ ചേരിപ്പോരും ഘടകകക്ഷികളുടെ പിന്തിരിപ്പൻനിലപാടുകളും സർക്കാറിന്റെ കൂട്ടുത്തരവാദിത്വം നഷ്ടപ്പെടുത്തി. ഇപ്പോൾ വെളിപ്പെട്ടുകൊണ്ടിരിക്കുന്ന ഭരണകൂട-മാഫിയാ ബന്ധം തങ്ങൾ അവകാശപ്പെട്ടിരുന്ന മൂല്യങ്ങളിൽനിന്നുതന്നെ വ്യതിചലിച്ച ഇടതുപക്ഷത്തിന്റെ മുഖമാണു വ്യക്തമാക്കുന്നത്. അതുകൊണ്ടുതന്നെ ഇടതു സർക്കാറിന്റെ തെറ്റായ എല്ലാ നടപടികൾക്കെതിരെയും സോളിഡാരിറ്റി പ്രതികരിച്ചിട്ടുണ്ട്. സമര പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. ശക്തമായ സമരങ്ങളുമായി ഇനിയും മുന്നോട്ടുപോകും.

നരേന്ദ്രൻ കമീഷൻ റിപ്പോർട്ടുമായി ബന്ധപ്പെട്ട് യു.ഡിഎഫ് സർക്കാർ കൊണ്ടുവന്ന പാക്കേജിലെ നല്ല വശങ്ങളെ സ്വാഗതം ചെയ്യുകയും അപാകങ്ങളുന്നയിച്ച് പ്രക്ഷോഭം നടത്തുകയും ചെയ്ത പ്രസ്ഥാനമാണ് സോളിഡാരിറ്റി. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ ഇത് ചർച്ചാ വിഷയമായിരുന്നു. ബാക്ക്‌ലോഗ് നികത്തുന്നതുമായി ബന്ധപ്പെട്ട് സ്വീകാര്യമായ നിർദേശങ്ങളാണ് അന്ന് എൽ.ഡി.എഫ് പ്രകടനപത്രിക മുന്നോട്ടുവെച്ചത്. എന്നാൽ സർക്കാർ ഈ വിഷയത്തിൽ കാര്യമായ നടപടികൾ ഇതുവരെയും സ്വീകരിച്ചിട്ടില്ല. യു.ഡി.എഫ് നടത്തിയ വാഗ്ദാനലംഘനം തന്നെയാണ് എൽ.ഡി.എഫിന്റെ ഭാഗത്തുനിന്നുമുണ്ടാവുന്നതെങ്കിൽ ശക്തമായ സമരപരിപാടികളുമായി സോളിഡാരിറ്റി രംഗത്തു വരും.

**ആത്മീയതയെ വരെ കമ്പോളം വിഴുങ്ങിയിരിക്കുകയാണല്ലോ. ആത്മീയോത്സവങ്ങളുടെ പൂരപ്പറമ്പായിരിക്കുകയാണ് കേരളം. ഒരു മതസമൂഹവും ഇതിൽനിന്ന് മുക്തമല്ല. ദൈവത്തെ മുൻനിർത്തി വിമോചനത്തിന് ശ്രമിക്കുന്ന സോളിഡാരിറ്റി ഇതിൽ ഇടപെട്ടുകണ്ടില്ല....?**

എല്ലാ മതവിഭാഗങ്ങളിലും ഇന്ന് ശക്തിപ്പെട്ടുകൊണ്ടിരിക്കുന്ന ആത്മീയോത്സവം മതങ്ങളുടെ ശരിയായ അടിത്തറകളിൽനിന്ന് രൂപം കൊണ്ടവയല്ല, പ്രവാചകന്മാരോ പുണ്യപുരുഷന്മാരോ ഇത്തരം ആത്മീയോത്സവങ്ങളെ പിന്തുണച്ചിട്ടില്ല. എല്ലാം കച്ചവടക്കണ്ണുകളോടെ സമീപിച്ച മുതലാളിത്തം ആത്മീയതയെയും വ്യാപാരവൽക്കരിച്ചതിന്റെ ഉദാഹരണമാണ് വർധിച്ചുവരുന്ന ആൾദൈവങ്ങളും കൾട്ടുകളും. ദൈവത്തിലേക്ക് കൂടുതലായി അടുപ്പിക്കാനെന്ന വ്യാജേനയാണ് ഇവരുടെ രംഗപ്രവേശമെങ്കിലും സാമൂഹിക ബോധവും പ്രതികരണശേഷിയുമുള്ള സമൂഹത്തെ മുതലാളിത്താധിനിവേശത്തിനു മുമ്പിൽ നിഷ്ക്രിയരാക്കി നിരായുധരാക്കുകയെന്ന ഗൂഢോദ്ദേശ്യമാണ് ഇവക്കു പിന്നിലുള്ളത്. വലിയ അധോലോകമാഫിയകളാണ് ഇത്തരം ആൾദൈവങ്ങളുടെ തണലിൽ കേരളത്തിൽ തഴച്ചുവളരുന്നത്. ഇതിനെതിരെ മതസമൂഹങ്ങളുടെ ഭാഗത്തുനിന്നുതന്നെ ശക്തമായ സമരം ഉയർന്നുവരണം. മതപുരോഹിതന്മാരിൽനിന്ന് മതത്തെ മോചിപ്പിക്കാനുള്ള സമരം. ആത്മീയതയുടെ വ്യാപാരവൽക്കരണത്തിനെതിരിലുള്ള സമരബോധവൽക്കരണം പുതിയ കാലയളവിൽ നാം ലക്ഷ്യംവെക്കുന്നുണ്ട്.

**കമ്പോളം മനുഷ്യനിലെ എല്ലാ നന്മകളെയും വിപണിവസ്തുവാക്കുന്ന സന്ദർഭത്തിൽ സേവനത്തെ ഒരു സമരായുധമാക്കുകയാണോ?**

വിദ്യാഭ്യാസ-ചികിത്സാ സഹായം, ഭവന നിർമാണം തുടങ്ങി വൈവിധ്യമാർന്ന സേവന പ്രവർത്തനങ്ങൾക്ക് സോളിഡാരിറ്റി നേതൃത്വം നൽകുന്നു. സേവനം ഒരു പരിപാടിയായല്ല, സംസ്കാരമായാണ് പ്രവർത്തകർ സ്വീകരിക്കുന്നത്. സമൂഹത്തിന്റെ ആവശ്യഘട്ടങ്ങളിൽ സോളിഡാരിറ്റി പ്രവർത്തകർ സേവനസജ്ജരായിരിക്കണം. എന്റോസൾഫാൻ ബാധിതരുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് മാതൃകാപരമായ ചുവടുവെക്കാൻ സോളിഡാരിറ്റി തീരുമാനിച്ചിട്ടുണ്ട്. കാസർകോട് ജില്ലയിലെ നാലായിരം കുടുംബങ്ങളുടെ ദയനീയാവസ്ഥയിലേക്ക് കേരളീയരുടെ ശ്രദ്ധ തിരിക്കണമെന്നും സാധ്യമാവുന്നത്ര വിഭവസമാഹരണം നടത്തി ദുരിതബാധിതരെ സഹായിക്കണമെന്നും ആഗ്രഹിക്കുന്നു. കേരളത്തിൽ 438 വീടുകളുടെ നിർമാണത്തിൽ സോളിഡാരിറ്റിയെ പിന്തുണച്ച ഉദാരമതികൾ ഈ ജീവകാരുണ്യ പ്രവർത്തനത്തിലും ഞങ്ങൾക്കൊപ്പമുണ്ടാവുമെന്ന് പ്രതീക്ഷിക്കുന്നു. ■